കേരളപ്പിറവി ആശംസകൾ...

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

01 നവംബർ 2018

Govt. Of Kerala

ലക്കം: 020



*മുഖ്യമന്ത്രി പിണറായി വിജയന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ദുരിതാശ്വാസ നിധിയിലേക്ക് 4.18 കോടി രൂപയുടെ ചെക്ക് കൈമാറുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ, സിഡിഎസ് അംഗങ്ങൾ, കുടുംബശ്രീ ഉദ്യോഗസ്ഥർ എന്നിവർ സമീപം.*

### പ്രളയബാധിതർക്ക് അയൽക്കൂട്ട സഹോദരിമാരുടെ സഹായം:

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കുടുംബശ്രീ 4.18 കോടി രൂപ കൂടി നൽകി

## ആകെ നൽകിയത് 11.18 കോടി രൂപ

സംസ്ഥാനത്ത് പ്രളയബാധിതരെ സഹായിക്കുന്നതിനായി 43 ലക്ഷം അയൽക്കൂട്ട സഹോദരിമാരുടെ അകമഴിഞ്ഞ കാരുണ്യം. ഇവരിൽ നിന്നും സ്വരൂപിച്ച 4.18 കോടി രൂപ കൂടി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീന്റെ സാന്നിധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ 31-10-2018ന് മുഖ്യമന്ത്രിക്ക് കൈമാറി. ഇക്കഴിഞ്ഞ ആഗസ്റ്റ് 29ന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ഏഴു കോടി രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിരുന്നു. ഇതു കൂടാതെയാണ് ഇന്ന് 4.18 കോടി രൂപയുടെ ചെക്ക് കൈമാറിയത്. ഇതോടെ ആകെ 11.18 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്.

പ്രകൃതിക്ഷോഭത്തിൽ വീടും ജീവനോപാധികളും നഷ്ടമായവരെ സഹായിക്കുന്നതിനു വേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ പരിശ്രമങ്ങൾക്ക് പിന്തുണ നൽകുന്നതിന്റെ ഭാഗമായാണ് കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ 43 ലക്ഷം അയൽക്കൂട്ട അംഗങ്ങളിൽ നിന്നും ദുരിതാശ്വാസത്തിനായി ഒരാഴ്ച കാലത്തെ ലഘു സമ്പാദ്യം നൽകാൻ അപേക്ഷിച്ചത്. പ്രളയദുരന്തം ഏറ്റവുമധികം അനുഭവിക്കേണ്ടി വന്ന അയൽക്കൂട്ട അംഗങ്ങളും തങ്ങളുടെ വ്യക്തിപരമായ പ്രയാസങ്ങൾ മാറ്റി വച്ചുകൊണ്ടാണ് ലഘുസമ്പാദ്യം നൽകിയത്. ഒരാഴ്ചയിലെ സമ്പാദ്യവും അതിൽ കൂടുതലും നൽകിയവരുമുണ്ട്. ഇങ്ങനെ സംസ്ഥാനത്തെ ഓരോ അയൽക്കൂട്ടത്തിൽ നിന്നും ശേഖരിച്ച മുഴുവൻ തുകയും സി.ഡി.എസ് മുഖേന ജില്ലാമിഷനിൽ ഏൽപ്പിച്ചു. ഈ തുക പിന്നീട് സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതിനായി പ്രത്യേകം രൂപീകരിച്ച അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ഇതിൽ നിന്നാണ് കഴിഞ്ഞ ആഗസ്റ്റ് 29ന് ആദ്യഘട്ടമായി ഏഴു കോടി രൂപ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയത്.

കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളെ കൂടാതെ മൂവായിരം റിസോഴ്സ് പേഴ്സൺമാർ, പരിശീലന ഗ്രൂപ്പുകളിലെ 300 അംഗങ്ങൾ, 1065 സി.ഡി.എസ് ചെയർപേഴ്സൺമാർ, 1065 അക്കൗണ്ടന്റ്മാർ തുടങ്ങി എല്ലാവരുടെയും പിന്തുണ ദുരിതാശ്വാസ നിധിയിലേക്ക് പണം സ്വരൂപിക്കുന്നതിനായി ഉറപ്പാക്കിയിരുന്നു. ഓരോ ജില്ലയിൽ നിന്നും സമാഹരിച്ച തുകയുടെ പൂർണ വിവരങ്ങൾ കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നുണ്ട്.

കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗം ബേബി ബാലകൃഷ്ണൻ, സീനിയർ കൺസൾട്ടന്റ് അനീഷ് കുമാർ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ദേവി ബാലകൃഷ്ണൻ, സംസ്ഥാനത്തെ 1065 സി.ഡി.എസ് ചെയർപേഴ്സൺമാരെ പ്രതിനിധീകരിച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ സി.ഡി.എസുകളിലെ ചെയർപേഴ്സൺമാരായ ചിത്ര ഷാജി, ഷൈന.എ, ബീന. പി, പ്രസന്ന കുമാരി, ലൂസി എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

## പി.എം.എ.വൈ - സി.എൽ.എസ്. എസ് ; ഏകദിന ശിൽപശാല സംഘടിപ്പിച്ചു



കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ)യുടെ ഘടകപദ്ധതിയായ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സി.എൽ.എസ്.എസ്) ഊർജിതമാക്കുന്നതിന്റെ ഭാഗമായി ഏകദിന ശിൽപശാല സംഘടിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ ദേശസാൽക്കൃത -ഷെഡ്യൂൾഡ് ബാങ്കുകളുടെയും, ഹൗസിങ്ങ് ഫിനാൻസ് കമ്പനികളുടെയും ഉന്നതതല ഉദ്യോഗസ്ഥർ ശിൽപശാലയിൽ പങ്കെടുത്തു.

പദ്ധതി ഊർജിതമാക്കുന്നതിന്റെ ഭാഗമായി വായ്പാ പദ്ധതി ഏറ്റവും അർഹരായ ആളുകളിലേക്ക് എത്തിക്കുന്നതിനായി വായ്പാമേളകളും ക്യാമ്പെയ്നുകളും സംഘടിപ്പിക്കും.

ഗുണഭോക്താക്കൾക്ക് പരമാവധി 2.67 ലക്ഷം രൂപ വരെ പലിശ സബ്സിഡി ലഭിക്കുന്ന പദ്ധതിയാണ് സി.എൽ.എസ്.എസ്. നഗരപ്രദേശത്തെ താഴ്ന്ന വരുമാനക്കാർക്ക് സ്വന്തമായി ഭവനം നിർമിക്കാൻ ഏറ്റവും പ്രയോജനകരമായ രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ ഈ പദ്ധതിയിലെ 12029 ഗുണഭോക്താക്കൾക്ക് വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ വായ്പ അനുവദിച്ചത് കൊച്ചി നഗരസഭയിലാണ്. 1635 പേർക്കാണ് വായ്പ ലഭ്യമാക്കിയത്. ഈ വർഷം സംസ്ഥാനത്ത് 25000 ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ഫലപ്രദമായ നിർവഹണം, ബാങ്കുകളുടെ ഭാഗത്തു നിന്നും കൂടുതൽ സജീവമായ സഹകരണം ഉറപ്പാക്കൽ, ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ വേഗത്തിൽ ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾ, സബ്സിഡി ലഭ്യമാക്കൽ, വായ്പാ മാനദണ്ഡങ്ങളിലെ ഇളവ്, നഗരപ്രദേശങ്ങളിൽ വസിക്കുന്നവർക്ക് ബാങ്ക് വായ്പ ലഭ്യമാകുന്നതിന് ഹാജരാക്കേണ്ടി വരുന്ന രേഖകൾ, താമസിക്കുന്ന സ്ഥലത്തിന്റെ വിപണിമൂല്യം എന്നിവയിലെ ഇളവ് തുടങ്ങി പി.എം.എ.വൈ സി.എൽ.എസ്.എസ് ഘടകപദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കേണ്ടി വരുന്ന വിവിധ വിഷയങ്ങളിൽ ചർച്ച നടത്തി പരിഹാര മാർഗങ്ങൾ നടപ്പാക്കുന്നതിനും വായ്പാനടപടികൾ വേഗത്തിലാക്കി അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഭവനനിർമാണത്തിനു സഹായിക്കുക എന്നതുമാണ് കുടുംബശ്രീയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായാണ് ശിൽപശാല സംഘടിപ്പിച്ചത്.

വായ്പാ നടപടികൾ ഊർജിതമാക്കുന്നത് സംസ്ഥാനത്ത് പി.എം.എ.വൈ സി.എൽ.എസ്.എസ് പദ്ധതി പ്രകാരം വിവിധ ബാങ്കുകളിൽ വായ്പ്ക്കായി അപേക്ഷിക്കുന്ന നഗരവാസികളായ ഗുണഭോക്താക്കൾക്ക് പ്രയോജനം ചെയ്യും.

2022 ഓടെ വീടില്ലാത്ത എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് പി.എം.എ.വൈ. ദാരിദ്ര്യ നിർമാർജനത്തിന് ഏറ്റവും മികച്ച ഉപാധിയെന്ന നിലയ്ക്കാണ് നോഡൽ ഏജൻസിയായ കുടുംബശ്രീ മുഖേന ഈ ഭവനപദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്. നാലു ഘടകങ്ങളുള്ള പദ്ധതിയിൽ നഗരപ്രദേശത്തെ ഭവനരഹിതർക്ക് ഭവനം വാങ്ങുന്നതിനും ഭവനം നിർമിക്കുന്നതിനും കച്ചാ വീട് പക്കാ വീട് ആക്കുന്നതിനും നിലവിലെ പലിശ നിരക്കിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ബാങ്കുകൾ മുഖേന വായ്പ നൽകുന്ന പി.എം.എ.വൈയിലെ രണ്ടാമത്തെ ഘടകമാണ് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സി.എൽ.എസ്.എസ്).

വാർഷിക കുടുംബ വരുമാനം അടിസ്ഥാനമാക്കി നാലു വിഭാഗങ്ങളിലായാണ് പദ്ധതി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. വാർഷിക വരുമാനം മൂന്നു ലക്ഷത്തിൽ താഴെയുള്ളവർ, മൂന്ന് ലക്ഷത്തിനും ആറ് ലക്ഷത്തിനും ഇടയിലുള്ളവർ, ആറ് ലക്ഷത്തിനും പന്ത്രണ്ട് ലക്ഷത്തിനും ഇടയിലുള്ളവർ, പന്ത്രണ്ട് ലക്ഷത്തിനും പതിനെട്ട് ലക്ഷത്തിനും ഇടയിലുള്ളവർ എന്നിങ്ങനെ നാലു വിഭാഗത്തിൽപ്പെട്ടവരെയാണ് പദ്ധതിക്കായി പരിഗണിക്കുക.

ശിൽപശാല കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഉദ്ഘാടനം ചെയ്തു. 'സി.എൽ.എസ്.എസ്-ദേശീയ കാഴ്ചപ്പാട്' എന്ന വിഷയത്തിൽ കേന്ദ്ര ഭവന നഗരകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി രാഹുൽ മാന, 'കേരളത്തിൽ പി.എം.എ.വൈ പദ്ധതിയുടെ പ്രവർത്തന പുരോഗതി' സംബന്ധിച്ച് കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ബിനു ഫ്രാൻസിസ് എന്നിവർ സംസാരിച്ചു. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ നടപടികൾ, ഫീൽഡ് തല പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച പാനൽ ചർച്ച തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡോ. മിത്ര നയിച്ചു. നാഷണൽ ഹൗസിങ്ങ് ബാങ്ക് റീജിയണൽ മാനേജർ ഹേംകുമാർ ഗോപാലകൃഷ്ണൻ, ഹഡ്കോ റീജിയണൽ ചീഫ് ബീന പൗലോസ്, സംസ്ഥാനതല ബാങ്കേഴ്സ് സമിതി ഡി.ജി.എം എൻ.കെ. കൃഷ്ണൻ കുട്ടി, സീനിയർ മാനേജർ നന്ദകുമാർ, അഫോർഡബിൾ ഹൗസിങ്ങ് വിഭാഗം മേധാവി സുനിഷ് കുമാർ, കേരള ഗ്രാമീൺ ബാങ്ക് ചീഫ് മാനേജർ അച്യുതൻ കുട്ടി, കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി ഹരികുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

കൊച്ചി നഗരസഭയിൽ പദ്ധതിയുടെ ഫെസിലിറ്റേറ്ററായി പ്രവർത്തിച്ച് നൂറിലേറെ പേർക്ക് വായ്പ ലഭ്യമാക്കിയ സിനി ട്രീസ ഈ മേഖലയിൽ നിന്നുള്ള തന്റെ അനുഭവങ്ങൾ പങ്കു വച്ചു. പദ്ധതിയുടെ പ്രചരണാർത്ഥം കുടുംബശ്രീയുടെ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീ അവതരിപ്പിച്ച നാടകവും ശിൽപശാലയിൽ അരങ്ങേറി. സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ഭാവന സ്വാഗതവും റോഷ്നി പിള്ള നന്ദിയും പറഞ്ഞു.

## എസ്.വി.ഇ.പി : തെലുങ്കാന, ത്രിപുര സംസ്ഥാനങ്ങളിലേക്കും

പ്രാദേശിക വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തി ഗ്രാമീണ ഉൽപന്നങ്ങളുടെ ഉൽപാദനവും ഉപഭോഗവും പ്രോത്സാഹിപ്പിക്കുകയും അതോടൊപ്പം അയൽക്കൂട്ട വനിതകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്ന കുടുംബശ്രീയുടെ സ്റ്റാർട്ടപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം(എസ്.വി.ഇ.പി) തെലുങ്കാന ത്രിപുര എന്നീ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുന്നു. ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ട് കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഉപപദ്ധതിയാണ് എസ്.വി.ഇ.പി. ഇതുപ്രകാരം തെലുങ്കാനയിലെ രംഗറെഡ്ഢി ജില്ലയിലെ അമങ്കൽ, മെഹബൂബ് നഗർ ജില്ലയിലെ മക്താൽ, നൽകോണ്ട ജില്ലയിലെ ദേവരാകോണ്ട എന്നീ ബ്ളോക്കുകളിൽ പദ്ധതി കുടുംബശ്രീയുടെ മേൽനോട്ടത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അധികൃതരുമായി ചർച്ചകൾ പൂർത്തിയായി. ധാരണാപത്രം ഒപ്പു വച്ചതിനുശേഷം അടുത്ത നാലു മാസത്തിനുള്ളിൽ ഈ ബ്ളോക്കുകളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളെ കുറിച്ച് വിശദമായ പദ്ധതി രേഖ കുടുംബശ്രീ തയ്യാറാക്കും.

ത്രിപുര സംസ്ഥാനവും പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുന്നോട്ടു വന്നതിന്റെ ഭാഗമായി പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഊർജിതമായി മുന്നോട്ടു പോവുകയാണ്. പദ്ധതി നിർവഹണത്തിനും അതോടൊപ്പം സുഗമമായ നടത്തിപ്പിനു വേണ്ടി കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ സാങ്കേതിക പിന്തുണ നേടുന്നതിനും ത്രിപുര സ്റ്റേറ്റ് റൂറൽ ലൈവ്‌ലിഹുഡ് മിഷന്റെ നേതൃത്വത്തിൽ എൻ.ആർ.എൽ.എമ്മിന്റെ കീഴിലുള്ള എംപവേർഡ് കമ്മിറ്റിയുടെ അനുമതി നേടുന്നതിനുള്ള കാര്യങ്ങൾ പുരോഗമിക്കുകയാണ്. ഈ രണ്ട് സംസ്ഥാനങ്ങളുമായി കരാർ ഒപ്പിടുന്നതോടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ എസ്.വി.ഇ.പി പദ്ധതി നടപ്പാക്കുന്ന സംസ്ഥാനങ്ങളുടെ എണ്ണം പത്താകും.

പ്രാദേശിക സാധ്യതകൾ മനസിലാക്കി ആരംഭിക്കുന്ന സംരംഭങ്ങളുടെ സമഗ്ര വികസനവും അതിലൂടെ പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമിട്ടാണ് പ്രധാനമായും എസ്.വി.ഇ.പി പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത ഓരോ ബ്ളോക്കിലും കൂടാതെ ബീഹാർ, ജാർഖണ്ഡ്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഘട്ട്, ആന്ധ്രപ്രദേശ്, ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും കുടുംബശ്രീയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഈ സംസ്ഥാനങ്ങളിൽ പരിശീലനം നേടിയ മെന്റർമാരെ നിയമിച്ചുകൊണ്ടാണ് ഓരോ ബ്ളോക്കിലും പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ഇവർ മുഖേന ഓരോ ബ്ളോക്കിലും ആ സംസ്ഥാനത്തു നിന്നുള്ള മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്മാരെ തിരഞ്ഞെടുത്ത് അവർക്ക് മികച്ച രീതിയിലുള്ള പരിശീലനവും നൽകി വിവിധ രീതിയിലുള്ള സംരംഭങ്ങളും തുടങ്ങാൻ സാധിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി ഇതിനകം കേരളത്തിൽ 1210 ഓളം സംരംഭങ്ങൾ തുടങ്ങിയിട്ടുള്ളത്. ഇതര സംസ്ഥാനങ്ങളിൽ 6722 സംരംഭങ്ങളും ആരംഭിച്ചു.

ഓരോ പ്രദേശത്തെയും ലഭ്യമായ വിഭവങ്ങൾ എന്തൊക്കെയാണെന്ന് മനസിലാക്കി അതിനനുയോജ്യമായ ചെറുകിട സംരംഭങ്ങൾ രൂപീകരിക്കുകയും അതിലൂടെ ഗുണമേൻമയുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് പ്രാദേശികമായി തന്നെ വിറ്റഴിക്കുകയും വരുമാനം നേടാൻ സഹായിക്കുകയുമാണ് പദ്ധതി വഴി ചെയ്യുന്നത്. ഓരോ പ്രദേശത്തും നിലവിൽ ഉപയോഗിച്ചു വരുന്ന ഉൽപന്നങ്ങൾ, പുതിയ ഉൽപന്നങ്ങളുടെ ആവശ്യകത, വിപണന സാധ്യതകൾ എന്നിവ സംബന്ധിച്ച് വിശദമായ സർവേ നടത്തിയ ശേഷമായിരിക്കും ഓരോ പ്രദേശത്തിനും ഇണങ്ങുന്ന വിധത്തിലുള്ളതും വിജയസാധ്യതയുള്ളതുമായ പ്രോജക്ടുകൾ തയ്യാരാക്കുന്നത്.

പുതുതായി സംരംഭം തുടങ്ങാനാഗ്രഹിക്കുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ സംരംഭകത്വ വികസന പരിശീലനവും ബാങ്ക് വായ്പയും ലഭ്യമാക്കിക്കൊണ്ടാണ് പദ്ധതി നടപ്പാക്കുക. സംരംഭങ്ങൾ നിലനിർത്തുന്നതിനും പ്രവർത്തനപുരോഗതി കൈവരിക്കുന്നതിനും കുടുംബശ്രീയുടെ നേതൃത്വത്തിൽ ആവശ്യമായ എല്ലാ പിന്തുണയും ലഭിക്കും. ഇപ്രകാരം ഗ്രാമീണ വനിതകൾക്ക് തങ്ങളുടെ അറിവും തൊഴിൽ വൈദഗ്ധ്യശേഷിയും ഉപയോഗിച്ചുകൊണ്ട് സംരംഭങ്ങൾ തുടങ്ങുന്നതിനും അതിലൂടെ വരുമാനം നേടാനും കഴിയുമെന്നതാണ് പദ്ധതിയുടെ നേട്ടം. ഗ്രാമീണ മേഖലയിലുള്ള നിർദ്ധന അയൽക്കൂട്ട കുടുംബങ്ങൾക്കും പട്ടികജാതി പട്ടിക വർഗവിഭാഗത്തിൽ പെട്ടവർക്കും സാമ്പത്തിക സ്വാശ്രയത്വം നേടുന്നതിനും അതുവഴി ജീവിത നിലവാരം ഉയർത്തുന്നതിനും പദ്ധതി സഹായകമാകും.



അഗതിരഹിത കേരളം

13

### പദ്ധതി പ്രവർത്തന പുരോഗതി:

## കോട്ടയം ജില്ല

ഈ ലക്കത്തിൽ കോട്ടയം ജില്ലയിലെ അഗതിരഹിത കേരളം പദ്ധതി പുരോഗതിയെക്കുറിച്ചാണ് വിശദീകരിക്കുന്നത്. ജില്ലയിൽ 20120 കുടുംബങ്ങളുടെ മൊബൈൽ സർവ്വേ പൂർത്തീകരിച്ചു. ഇതിൽ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ 11862 കുടുംബങ്ങളെ ഗുണഭോക്തൃ കുടുംബങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 27800 അംഗങ്ങൾ ഗുണഭോക്താക്ക ളാകും. ഇതിൽ 636 പേർ എസ്ടി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. 1928 കുട്ടികളും ഇതിൽ ഉൾപ്പെടും. 77 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ജില്ലയിലുള്ളത്. കോട്ടയം ജില്ലയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.

| പ്രവർത്തന പുരോഗതി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| അപ്പീൽ പുന: പരിശോധന കഴിഞ്ഞവ | 77 |
| പ്രത്യേക ഗ്രാമസഭ കഴിഞ്ഞവ | 75 |
| ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയവ | 73 |
| ആരോഗ്യ ക്യാമ്പ് നടത്തിയവ | 73 |
| പ്രോജക്കുകൾ തയ്യാറാക്കിയവ | 12 |

**അടുത്തലക്കം: ഇടുക്കി ജില്ലയുടെ പുരോഗതി**

കൂടുതൽ വിവരങ്ങൾക്ക് : **dfk.ksm@gmail.com**

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P.
Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, Publicity: Sreebal. B. S, E-mail: prteamkshreeho@gmail.com